# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 2734** **12.10.2011 ലെ മറുപടിക്ക്**

### സഹകരണ സ്ഥാപനങ്ങളിലെ സംവരണ വ്യവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. കെ. രാധാകൃഷ്ണൻ** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) | പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ മുതൽ സംസ്ഥാന സഹകരണ ബാങ്ക് വരെയുള്ള വിവിധ സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ടോ; | എ) | ബാധകമാക്കിയിട്ടുണ്ട്. |
| ബി) | എങ്കിൽ സഹകരണ ചട്ടപ്രകാരമുള്ള സംവരണ വ്യവസ്ഥയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | 1969-ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 80 ഉപവകുപ്പ് (4) പ്രകാരം സഹകരണ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലെ ജീവനക്കാരിൽ പത്ത് ശതമാനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്. വകുപ്പ് 80 ഉപവകുപ്പ് (5) പ്രകാരം സഹകരണ സംഘങ്ങളിൽ അതിന്റെ ആകെയുള്ള തസ്തികകളിലെ ജീവനക്കാരുടെ എണ്ണത്തിന്റെ മൂന്ന് ശതമാനം ശാരീരിക വൈകല്യമുള്ള വ്യക്തികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ പി.എസ്.സി. മുഖേന നടത്തുന്ന സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 14 മുതൽ 17 വരെയുള്ള സംവരണതത്വം പാലിക്കപ്പെടുന്നുണ്ട്. |
| സി) | പ്രസ്തുത സ്ഥാപനങ്ങളിലെ സേവന നിയമങ്ങൾ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള കേരള സർവ്വീസ് റൂൾസ് തന്നെയാണോ; | സി) | സഹകരണ സ്ഥാപനങ്ങളിലെ സേവന നിയമങ്ങൾ എല്ലാം കേരള സർവ്വീസ് റൂൾസ് പ്രകാരമല്ല. എന്നാൽ സഹകരണ സംഘം ചട്ടം 190 പ്രകാരം സഹകരണ സംഘം ജീവനക്കാരുടെ ലീവ് റൂൾസ്, സർക്കാർ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ളതു പോലെ കേരള സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾക്കനുസൃതമാണ്. |
| ഡി) | എങ്കിൽ കെ.എസ്.ആർ. ബാധകമാക്കിയിട്ടുള്ള സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും പി.എസ്.സി ചട്ടങ്ങൾക്കനുസരണമായ സംവരണക്രമം നടപ്പിലാക്കുന്നതിൽ തടസ്സമുണ്ടോ; | ഡി) | സഹകരണ സംഘം നിയമം, വകുപ്പ് 80 ഉപവകുപ്പ് (3 എ) പ്രകാരം പി.എസ്.സി. മുഖേന നടത്തുന്ന സഹകരണ സ്ഥാപനങ്ങളിലെ നേരിട്ടുള്ള നിയമനങ്ങളിൽ പി.എസ്.സി. ചട്ടങ്ങൾക്കനുസരണമായ സംവരണക്രമം നടപ്പിലാക്കുന്നതിൽ തടസമില്ല. |
| ഇ) | ഭരണഘടനാപരമായ സംവരണം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിലും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഇ) | പി.എസ്.സി. മുഖേന നിയമനം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭരണഘടനാപരമായ സംവരണം പാലിക്കപ്പെടുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**